# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2889 07.12.2018 -ലെ മറുപടി

## ഡാമുകളുടെ ആഴം കൂട്ടുന്ന നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മണ്ണും ചെളിയും നീക്കി ഡാമുകളുടെ ആഴം കൂട്ടുന്ന നടപടികൾ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച ഡാമുകളുടെയും പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള ഡാമുകളുടെയും വിശദവിവരം ലഭ്യമാക്കുമോ;<br><br>(ബി) ഏതൊക്കെ ഡാമുകളാണ് ആഴം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തിമൂലം ഓരോ ഡാമിലും എത്ര ടി. എം. സി. ജലം അധികമായി ശേഖരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും | കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന മണ്ണും ചെളിയും നീക്കി ഡാമുകളുടെ സംഭരണശേഷി പൂർവസ്ഥിതിയിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുന്നതിനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ(SOP) തയ്യാറാക്കിയിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗളം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്തുവാനാശ്യമായ പര്യവേഷണ ജോലികൾ ചെയ്ത ശേഷം DPR തയ്യാറാക്കിയത് പരിശോധിച്ചുവരുന്നു. ഇത് കൂടാതെ അരുവിക്കര ഡാമിൽ മണലും ചെളിയും നീക്കം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ